**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2089 — 07.03.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആരോഗ്യ മേഖലയിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, ബി.സത്യൻ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.വി. കെ. സി. മമ്മത് കോയ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | Major construction work, strengthening of institutions under DHS, Asset maintenance fund & construction of maternity unit എന്നിവയാണ് ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള പ്രധാന പദ്ധതികൾ. കൂടാതെ കെ.ഐ.ഐ.എഫ്.ബി മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 'patient friendly transformation of outpatient services to ensure quality of care' എന്ന പദ്ധതിക്കാണ് രൂപം കൊടുത്തിട്ടുള്ളത്. |
| (ബി) | ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം സേവന നിലവാരം ഉയർത്താനും ലബോറട്ടറി സൗകര്യങ്ങളും മറ്റ് ആധുനിക രോഗ നിർണ്ണയ സംവിധാനങ്ങളും ഏർപ്പെടുത്താനും പരിപാടിയുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ എല്ലാം തന്നെ ലബോറട്ടറി സൗകര്യം ലഭ്യമാണ്. ലബോറട്ടറി സംവിധാനം ഇല്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി എൻ.എച്ച്.എം മുഖേന നടന്നു വരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും, അതിന്റെ ഭാഗമായി ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിനുവേണ്ടി ലബോറട്ടറി ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിക്കുന്ന പ്രപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | | | ഡെങ്കി, ചിക്കൻഗുനിയ എന്നിവ സ്ഥിരീകരിക്കുന്നതിനായി എല്ലാ ജില്ലകളിലും സെന്റിനൽ സർവൈലൻസ് സംവിധാനം ആശുപത്രികളിൽ ഒരുക്കിയിട്ടുണ്ട്. മലമ്പനി സ്ഥിരീകരണത്തിന് രക്ത സ്മിയർ പരിശോധനാ സംവിധാനത്തിനു പുറമേ ദ്രുത പരിശോധനാ കിറ്റുകളും ജില്ലകളിൽ ലഭ്യമാക്കിയിട്ടുണ്ട്. റഫറൽ ലാബ് നെറ്റ് വർക്ക് സംവിധാനത്തിലൂടെ സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളുടെ സഹകരണത്തോടെ രോഗം പൊട്ടിപ്പുറപ്പെടുന്ന പ്രദേശങ്ങളിൽ രോഗ സ്ഥിരീകരണത്തിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പ്രമുഖ ഗവേഷണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും രോഗ നിർണ്ണയം നടത്തി വരുന്നുണ്ട്. |
| (സി) | സർക്കാർ മെഡിക്കൽ കോളേജുകളിലെ അനിയന്ത്രിത തിരക്ക് നിയന്ത്രിക്കാനായി ജില്ലാ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) | ആർദ്രം ദൗത്യത്തിന്റെ ഭാഗമായി ഘട്ടംഘട്ടമായി ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യത്തോടെയുള്ള കാർഡിയോളജി യൂണിറ്റുകളും മറ്റ് സൂപ്പർ സ്പെഷ്യാലിറ്റി വകുപ്പുകളും തുടങ്ങുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ